# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി 20.03.2018-ന് നടത്തിയ പ്രസ്താവന*

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമിട്ട് അവർക്ക് പ്രത്യേക സംവരണം സർക്കാർ നിയമനത്തിൽ ഏർപ്പെടുത്താൻ ഭരണഘടന അനുശാസിക്കുന്നുണ്ട്. അതനുസരിച്ച് നിയമനങ്ങൾക്ക് 2 ശതമാനം സംവരണം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് വിഭാവനം ചെയ്യുന്നുണ്ട്. പട്ടികവർഗ വിഭാഗങ്ങൾക്ക് പ്രത്യേക റിക്രൂട്ട്മെന്റുകൾ നടത്താനും കെ.എസ്. & എസ്.എസ്.ആറിൽ വ്യവസ്ഥയുണ്ട്. എല്ലാ വർഷവും പട്ടികജാതി-പട്ടികവർഗ പ്രാതിനിധ്യം സർക്കാർ വിലയിരുത്തി കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്താറുമുണ്ട്.

ഇതൊക്കെ ചെയ്തിട്ടും സ്വാതന്ത്ര്യം ലഭിച്ച് ഏഴുപതിറ്റാണ്ടുകൾ പിന്നിട്ടിട്ടും മതിയായ പ്രാതിനിധ്യം ഈ വിഭാഗങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്. പട്ടികവർഗ ജനസംഖ്യ 4,84,839 ആണ്. സർക്കാർ ജീവനക്കാരുടെ എണ്ണം 4,98,603 ആണ്. 2 ശതമാനം എന്ന നിരക്കിൽ അർഹമായ പട്ടികവർഗ പ്രാതിനിധ്യം 9,972 ആണ്. എന്നാൽ നിലവിൽ സർക്കാർ സർവീസിലുള്ള പട്ടികവർഗ്ഗ പ്രാതിനിധ്യത്തിൽ വൻതോതിലുള്ള കുറവുണ്ടെന്നാണ് കാണുന്നത്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടത് സർക്കാരിന്റെയും പരിഷ്കൃത സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. അതിലൂടെ മാത്രമേ സാമൂഹ്യനീതി ഉറപ്പുവരുത്താനും കഴിയൂ.

മുൻ കാലങ്ങളിൽ വനം വകുപ്പിൽ ട്രൈബൽ വാച്ചർമാരായി പട്ടികവിഭാഗത്തിൽപ്പെട്ടവർക്കായി പി.എസ്.സി മുഖാന്തിരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്. പോലീസ് വകുപ്പിൽ 75 പേർക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പി.എസ്.സിയിൽ അന്തിമ ഘട്ടത്തിലാണ്. എക്സൈസ് വകുപ്പിൽ വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവയിലെ പ്രത്യേക ദുർബല വിഭാഗത്തിൽപ്പെടുന്ന പണിയ,

അടിയാൻ, കാട്ടുനായ്ക്കൻ എന്നീ വിഭാഗങ്ങൾക്കായി സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താനുള്ള നടപടി പി.എസ്.സിയിൽ അന്തിമ ഘട്ടത്തിലാണ്.

വനത്തിലും വനാതിർത്തിയിലുമുള്ള ചില പ്രദേശങ്ങളിലെ പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി സർക്കാർ സർവ്വീസിൽ ക്ലാസ്-3, ക്ലാസ്-4 തസ്തികളിൽ നിയമനം നടത്തി സർക്കാർ സർവ്വീസിലെ പട്ടികവർഗ വിഭാഗത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

പട്ടികവർഗ വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിലുള്ള പ്രാതിനിധ്യക്കുറവ് എത്രയാണെന്നും, പ്രത്യേക ദുർബല വിഭാഗങ്ങളെയും (Particularly Vulnerable Tribal Groups), നിയമനത്തിന് മുൻഗണന ലഭിക്കാൻ അർഹതയുള്ള മറ്റ് വിഭാഗങ്ങളെയും നിർണ്ണയിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിനെ ചുമതലപ്പെടുത്തുന്നു. പട്ടികവർഗത്തിലെ മറ്റു വിഭാഗങ്ങളേയും സ്പെഷ്യൽ റിക്രൂട്ട്മെന്റിന് പരിഗണിക്കുന്നതാണ്.

ഇതിനായി വിശദമായ മാർഗരേഖ പി.എസ്.സിയുടെ ഉപദേശം തേടിക്കൊണ്ട് തയ്യാറാക്കുന്നതാണ്. 2018 മെയ് മാസത്തിനു മുമ്പായി ഇതിനായുള്ള മാർഗരേഖ തയ്യാറാക്കി പി.എസ്.സി മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പി.എസ്.സിയോട് അഭ്യർത്ഥിക്കും.

അട്ടപ്പാടി പോലുള്ള പട്ടികവർഗ മേഖലയിൽ പി.എസ്.സി വഴി നിയമനം നടക്കുന്നതുവരെ നിലവിൽ ഒഴിവുള്ള തസ്തികകളിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാൻ 02.03.2018-ൽ അട്ടപ്പാടിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ടെന്ന വിവരവും സഭയെ അറിയിക്കുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 മാർച്ച് 20

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.